# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൂറനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-6/69/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂറനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-6/69/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്,ഓഡിറ്റ് ഓഫീസർ(ഹഗ്രേ)
മായാദേവി സി എസ് ,അസി .ഓഡിറ്റ് ഓഫീസർ
സുഷ റ്റി പിള്ള , അസി .ഓഡിറ്റ് ഓഫീസർ
ഷിബു എ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . സ്വപ്ന സുരേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .കെ. ജി. ഹരികുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി . അശ്വതി. ആർ | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീമതി . അശ്വനി ദേവി | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| ഡോ. ഡാനിയേൽ കോശി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി .ഇന്ദുലേഖ. ജി | ഐ. ഐ .സി. ഡി. എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജ. കെ. ഒ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. രഞ്ചിഷ് രാജ്. ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി .പത്മാക്ഷി. സി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ .ശ്രീജിത്ത്. എ. എച്ച് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 15-11-2021 |
| ശ്രീമതി . പാർവ്വതി. വി | അസിസ്റ്റന്റ് എൻജിനീയർ | 16-11-2021 | 31-03-2022 |
| ശ്രീ .ഷെഫീക്ക്. എം. റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-02-2022 |
| ശ്രീമതി .അശ്വതി വിജയൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 13-10-2021 |
| ശ്രീ . രോഹിത്ത് രവീന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10-01-2022 | 31-03-2022 |
| ശ്രീ . എം. പ്രദീപ് കുമാർ | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ .എൻ. നസീർ | അസി.സെക്രട്ടറി | 14-07-2021 | 06-12-2021 |
| ശ്രീ . അജുദേവ്. വി | അസി.സെക്രട്ടറി | 07-12-2021 | 31-03-2022 |
| ശ്രീമതി. ഋഷി. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 05-09-2021 |
| ശ്രീമതി. മാളവിക. സി. എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം ) | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 11 | വസ്തുനികുതി-അനർഹമായ നികുതിയിളവുകൾ പുനപരിശോധിക്കണം | 1-10 |
| 12 | വസ്തുനികുതി -മേൽത്തരം തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ഉൾപ്പെടുത്താതെയുള്ള നികുതി നിർണ്ണയം | 1-11 |
| 13 | വസ്തുനികുതി- മാളുകൾ സൂപ്പർമാർക്കറ്റുകൾ എന്ന ഗണത്തിലെ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി പുനപരിശോധിക്കണം | 1-12 |
| 14 | വസ്തുനികുതി-ആകെ തറവിസ്തൃതിക്കനുസൃതമായ അടിസ്ഥാനനികുതിനിരക്ക് ചുമത്തിയില്ല | 1-13 |
| 15 | വസ്തുനികുതി-റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് നിർണ്ണയിച്ചില്ല | 1-14 |
| 16 | തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല | 1-15 |
| 17 | സർക്കാരിലേക്ക് ഒടുക്കേണ്ട പണം ബാധ്യതയായി തുടരുന്നു | 1-16 |
| 18 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ | 1-17 |
| 19 | ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-18 |
| 20 | ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ 45625/- രൂപയുടെ നീക്കിയിരുപ്പ് | 1-19 |
| 21 | കുളം നവീകരണം - സമയബന്ധിതമായി ലേല നടപടികൾ സ്വീകരിച്ചില്ല. | 1-20 |
| 22 | സാമൂഹ്യ ക്ഷേമ പെൻഷൻ അനർഹർ കൈപ്പറ്റുന്നു | 1-21 |
| 23 | പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ കോടികളുടെ ഡിമാന്റ് | 1-22 |
| 24 | തെരുവ് വിളക്ക് പരിപാലനം -മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 1-23 |
| 25 | 68.7 ലക്ഷം രൂപ വിവിധ നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്നു | 1-24 |

| | | |
|---|---|---|
| 26 | കരയം മുട്ടം കാരിത്തോട് പാടശേഖരം ലൈൻ എക്സ്റ്റൻഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-25 |
| 27 | വയോജന സൗഹൃദ കേന്ദ്രം - പ്രവർത്തനവിവരങ്ങളും വിനിയോഗവിവരങ്ങളും ഹാജരാക്കിയില്ല | 1-26 |
| 28 | ഹരിത കർമ്മ മിഷന് വേണ്ടി സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിറ്ററിംഗ്-പ്രവർത്തനങ്ങൾ പൂർത്തിയായില്ല | 1-27 |
| 29 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-28 |
| 30 | ആയുർവേദമരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-29 |
| 31 | റോഡ് ടാറിംഗ് പ്രവൃത്തികൾ -ബിറ്റുമിന്റെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി ഈടാക്കിയില്ല- ഈടാക്കിയ ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല. | 1-30 |
| 32 | പ്ലാവിളയിൽ മുക്ക് തോട്ടം കര റോഡ് റീസർഫേസിംഗ് & ഓട നിർമ്മാണം -അപാകതകൾ | 1-31 |
| 33 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ | 1-32 |
| 34 | ലൈഫ് അവലോകനം | 1-33 |
| 35 | തൊഴിലുറപ്പ് പദ്ധതി- കയർ ഭൂവസ്ത്രം വാങ്ങൽ - ജി എസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. | 1-34 |
| | ഭാഗം **2** | |
| 1 | കുളം നവീകരണം - സമയബന്ധിതമായി ലേല നടപടികൾ സ്വീകരിച്ചില്ല. | 2-1 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ | 2-2 |
| | ഭാഗം **3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികൾ -ബിറ്റുമിന്റെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി ഈടാക്കിയില്ല | 3-1 |
| 2 | സാമൂഹ്യ ക്ഷേമ പെൻഷൻ അനർഹർ കൈപ്പറ്റുന്നു | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി- കയർ ഭൂവസ്ത്രം വാങ്ങൽ - ജി എസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19/02/2021 തീയതിയിലെ 1(1)- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 355813635 | 259990761 |
| വാർഷിക കണക്ക് പ്രകാരം | 228132628 | 242765711 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31/07/2022 | 26.07.22 |

## 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു

1) തൊഴിൽ നികുതി, വസ്തുനികുതി എന്നീ വരവിനങ്ങളുടെ ഡിമാൻഡ് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്യാത്ത നിരവധി സ്ഥാപനങ്ങളും വസ്തുനികുതി അനർഹമായി ഒഴിവാക്കിയ കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നുണ്ട്. ആയതിനാൽ ഈ വരവിനങ്ങളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല (1-10 മുതൽ 1-15 വരെയുള്ള പരാമർശങ്ങൾ കൂടി കാണുക)

2) ഇ-പേയ്മെന്റ് അക്കൌണ്ടിൽ 31-03-22 ലെ കണക്കുകൾപ്രകാരം 1779286/-രൂപ നീക്കി ബാക്കിയുണ്ട്. കറന്റ് അക്കൌണ്ടിൽ നിന്നും നിക്ഷേപം പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെ തനത് ഫണ്ട് (സേവിംഗ്സ ബാങ്ക്)-ലെക്ക് മാറ്റി നിക്ഷേപിക്കുന്നത് പരിഗണിക്കാവുന്നതാണ്.(ഒരു നിശ്ചിത സംഖ്യ നിലനിർത്തിയ ശേഷം)

3)ഗുണഭോക്തൃവിഹിതമിനത്തിൽ ഉടരുന്ന 150626/-രൂപയുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. ബാധ്യതയായി ഉടരുന്ന തുക തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കണം .

4) മാർക്കറ്റ് ലേലം എന്ന നിലയ്ക്ക് ഉൾപ്പെടുത്തിയ 196200/-രൂപ യഥാർത്ഥ ലേലം തുകയിലും 5000/-രൂപ കുറവാണ്. ഡെപ്പോസിറ്റായി ലഭിച്ച തുക റീഫണ്ട് ചെയ്യുന്നതായി അക്കൌണ്ട് ചെയ്യാതിരുന്നത് വരുമാനം കുറച്ച് വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നതിന് കാരണമായി.

5)അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ഹെഡ്ഡിൽ 370594/- രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. മുൻവർഷങ്ങളിൽ ക്രമീകരിക്കുവാനുള്ള തുക(255480/-രൂപ) ഉൾപ്പെടെ ഏതെല്ലാം ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ളതാണെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

6) ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷന് കെ എസ് ഇ ബി ക്ക് പണം മുൻകൂർ നൽകിയെങ്കിലും ആയത് അഡ്വാൻസ് എന്ന നിലക്ക് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.(പ്രോജക്റ്റ് നം- 153/22 തുക- 135016/- രൂപ)

7) മുൻവർഷങ്ങളിൽ നൽകിയ അഡ്വാൻസ് തുകകളും പൂർണ്ണമായും ഉൾപ്പെടുത്താത്തതിനാൽ അഡ്വാൻസ് രജിസ്റ്ററിലെ സംക്ഷിപ്തം കൃത്യമാണോയെന്ന് പരിശോധിച്ചുറപ്പാക്കാനായില്ല.

8)ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവും(EFMS) ക്യാഷ് ബുക്ക് പ്രകാരമുള്ള വരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

9) CFLTC യുടെ ചെലവുകൾ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സർക്കാരിൽ നിന്നും പണം ലഭിച്ചിട്ടുണ്ടെങ്കിൽ ഈ കണക്കുകൾ അപ് ഡേറ്റ് ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16661777 |
| വരവ് | 103920061 |
| ആകെ | 120581838 |
| ചെലവ് | 101805833 |
| നീക്കിയിരിപ്പ് | 18776005 |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | 52120 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | 74100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2032862 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം )

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | - | 13649996 | 13649996 | 13649996 | 0 |
| വി.ഫണ്ട് (എസ്.സി.പി) | - | 11670222 | 11670222 | 10957442 | 712780 |
| വി.ഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| മെയിന്റനൻസ് ഫണ്ട് -റോഡ് | - | 13677000 | 13677000 | 11181265 | 2495735 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | - | 6615133 | 6615133 | 4517047 | 2098086 |
| ട്രഷറി റ്റി.എസ്.ബി.(ജനറൽ പർപ്പസ്) | - | 13715970 | 13715971 | 3800175 | 9821196 |
| സിഎഫ് സി ഗ്രാന്റ് (ടൈഡ്) | | 9820000 | 9820000 | 3164241 | 6655759 |
| സിഎഫ് സി ഗ്രാന്റ് (അൺ ടൈഡ്) | | 3752899 | 3752899 | 2552520 | 1200379 |

ഉറവിടത്തിൽ നിന്നുള്ള കിഴിക്കലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഫണ്ടിനം | കുറവ് ചെയ്ത തുക |
|---|---|---|
| 1 | വികസനഫണ്ട് (പൊതു വിഭാഗം) | 2155004 |
| 2 | വികസനഫണ്ട് (എസ്.സി പി) | 479196 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയത്- ശതമാനം |
|---|---|---|---|---|---|---|
| 137 | 137017451 | 92 | 68582600 | 17 | 28 | 79 |

## 1-6 തൊഴിലുറപ്പ് പദ്ധതി

എം.ജി എൻ ആർ ഇ ജി എസ് വിഭാഗം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തയ്യാറാക്കിയത്. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയ തുകയുമായി ഇത് വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 498000 | 498000 | 498000 | 985 (ബാങ്ക് പലിശ) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 49762000 | 49762000 | 49762000 | |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45600 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 7778800 | 5392 |
| വിധവാപെൻഷൻ | 22539400 | 14513 |
| വാർദ്ധക്യകാല പെൻഷൻ | 43888100 | 30962 |
| വികലാംഗ പെൻഷൻ | 5588400 | 3628 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 1290200 | 891 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-23 തീയ്യതിയിൽ 2-23 Pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13312/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ പൊതുവെ തൃപ്തികരമാണ്. ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6.തനത് വരുമാനമായ വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല. കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നുമില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വസ്തുനികുതി-അനർഹമായ നികുതിയിളവുകൾ പുനപരിശോധിക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ ഒഴിവ് ആരാധനാലയങ്ങളോട് ചേർന്ന മറ്റ് കെട്ടിടങ്ങൾക്ക് നൽകാനാവില്ല.

പഞ്ചായത്തിന്റെ വസ്തുനികുതി – സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ ആരാധനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെയും ആരാധനാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ചുമത്തുന്നില്ലായെന്ന് കാണുന്നു. ആരാധനാലയങ്ങൾ എന്ന നിലയിൽ ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടുള്ളതും യഥാർത്ഥത്തിൽ ആരാധനക്ക് ഉപയോഗിക്കാത്തതുമായ ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വിവരണം |
|---|---|---|
| 1 | 6/135 | പള്ളിമേട |
| 2 | 7/21 | ചേലയിൽ ക്ഷേത്ര ഓഫീസ് |

(പട്ടിക പൂർണ്ണമല്ല. പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകളും ക്ഷേത്രത്തോട് ചേർന്നുള്ള സദ്യാലയങ്ങളും പട്ടികയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചുറപ്പാക്കേണ്ടതാണ്.)

2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 -(ബി) മുതൽ (ജെ) വരെയുള്ള വകുപ്പുകൾ പ്രകാരം നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളെയാണ് സഞ്ചയ ഡേറ്റാ ബേസിലെ ‘ *നികുതി-ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ’* എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതും വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കുന്നതും. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കലിന് അർഹതയില്ലായെന്ന് കാണുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വിവരണം |
|---|---|---|
| 1 | 4/494 | ചെയർമാൻ ശ്രീബുദ്ധ കോളേജ് ഓഫ് എൻജിനീയറിംഗ് |
| 2 | 8/80 A | കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ ഓഫീസ് |
| 3 | 5/126 | ഹരിജൻ വെൽഫെയർ സൊസൈറ്റി |
| 4 | 14/551 | ക്രിസ്ത്യൻ ചർച്ച് ഓഫീസ് |

നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി, നിയമാനുസൃതമായി ഒഴിവാക്കപ്പെടേണ്ടതല്ലെങ്കിൽ, പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി -മേൽത്തരം തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ഉൾപ്പെടുത്താതെയുള്ള നികുതി നിർണ്ണയം

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം 250 ച.മീറ്ററിലധികം മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 15 % വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് ഈ നിബന്ധന പാലിച്ചാണ് വസ്തുനികുതി നിർണ്ണയിക്കുന്നതെങ്കിലും പരിശോധനയിൽ കണ്ടെത്തിയ ചില കെട്ടിടങ്ങൾക്ക് മേൽ പരാമർശിച്ച വർദ്ധനവുകൾ ഉൾപ്പെടുത്തിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | ആകെ തറവിസ്തൃതി |
|---|---|---|---|
| 1 | 1/454 A | കോശി എം ഐസക്ക്, മലയിൽ തെക്കേതിൽ ചെറുമുഖ | 255.69 ച.മീ |

| | | | |
|---|---|---|---|
| 2 | 6/271 C | കെ.കെ വിജയൻ പിള്ള, അനിലാകുമാരി,<br>ഐശ്വര്യം<br>കിടങ്ങയം | 274.97 ച.മീ |
| 3 | 10/577 A | മോഹനൻ, മിനി കെ നാരായൺ<br>സുകൃതം, ഇടക്കുന്നം | 291.53 ച.മീ |

സമാന രീതിയിലുള്ള തെറ്റായ വസ്തുനികുതി നിർണ്ണയങ്ങൾ പുനപരിശോധിക്കേണ്ടതും ഡേറ്റാ പ്യൂരിഫിക്കേഷൻ മുഖാന്തിരം തെറ്റുകൾ തിരുത്തി വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കിവിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി- മാളുകൾ സൂപ്പർമാർക്കറ്റുകൾ എന്ന ഗണത്തിലെ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി പുനപരിശോധിക്കണം

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർജ്ജാർജ്ജും ചട്ടങ്ങൾ പ്രകാരം വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് ഗ്രമപഞ്ചായത്ത് നിർണ്ണയിക്കുകയും ഈ നിരക്കുകളെ അടിസ്ഥാനപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. വാണിജ്യാവശ്യ കെട്ടിടങ്ങളുടെ നൂറനാട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| വാണിജ്യാവശ്യ കെട്ടിടങ്ങളുടെ തരം | നിരക്ക് |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിനു മുകളിലുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ,ഗോഡൌൺ | 50 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ | 30 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിനു മുകളിലുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ | 70 |

ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ എന്നിവയുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തുക വഴി അടിസ്ഥാനവസ്തുനികുതി നിരക്കിൽ 20 രൂപ വരെ നഷ്ടപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. സൂപ്പർ മാർക്കറ്റോ മാളുകളോ അല്ലാത്ത 100 ച.മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾ ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പുനപരിശോധിക്കേണ്ടതാണ്.സഞ്ചയ ഡേറ്റാ ബേസ് പ്രകാരം ഈ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിടത്തിൻറെ വിവരങ്ങൾ

| Sl.No | Building ID | Door NO | Owner Name | Owner Address | A |
|---|---|---|---|---|---|
| 1 | 50486010019622 | 5/638/D | RATHEESH KUMAR,ARCHANA ARAVIND | DEVADATHAM,DEVADATHAM | N |
| 2 | 50486010017905 | 7/518/ | BIJUKUMAR | VALIYAPARAMPIL | N |
| 3 | 50486010017906 | 7/519/ | BIJUKUMAR | VALIYAPARAMPIL | N |
| 4 | 50486010017907 | 7/520/ | BIJUKUMAR | VALIYAPARAMPIL | N |
| 5 | 50486010002353 | 10/133/ | A.T.AZEEZKUTTY,M.O.LAILA | BARKATH MANZIL | A |
| 6 | 50486010018042 | 10/926/ | SHAJAHAN,NIZA SHAJAHAN | ARAFA HOUSE,ARAFA HOUSE | N |
| 7 | 50486010018043 | 10/927/ | SHAJAHAN,NIZA SHAJAHAN | ARAFA HOUSE,ARAFA HOUSE | N |
| 8 | 50486010018044 | 10/928/ | SHAJAHAN,NIZA SHAJAHAN | ARAFA HOUSE,ARAFA HOUSE | N |
| 9 | 50486010018127 | 10/943/ | SHAJAHAN,NIZA SHAJAHAN | ARAFA HOUSE,ARAFA HOUSE | N |
| 10 | 50486010017902 | 14/643/ | V GAUTHAMAN,S REKHA,G LEKSHMI,G INDU | PATTATHIL VADAKKETHIL,PATTATHIL VADAKKETHIL,PATTATHIL VADAKKETHIL,PATTATHIL VADAKKETHIL | N |

കെട്ടിടങ്ങളുടെ നിലവിലെ ഉപയോഗക്രമം പരിശോധ വിധേയമാക്കേണ്ടതും വസ്തുനികുതി പുനനിർണ്ണയിച്ച്

ഈടാക്കേണ്ടതുണ്ടെങ്കിൽ അപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി-ആകെ തറവിസ്തൃതിക്കനുസൃതമായ അടിസ്ഥാനനികുതിനിരക്ക് ചുമത്തിയില്ല


തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവയിലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/- രൂപയുമാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരിക്കുന്നത്. എന്നാൽ പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | 7/99 A, B, C | ഹരിശങ്കർ കാവുള്ളതിൽ കിടങ്ങയം |
| 2 | 10/907, 908, 909, 910, 911 | മുഹമ്മദ് ഷമീം സലീന വലിയവിളയിൽ ഗസൽ ചാരുംമൂട് |

പട്ടിക പൂർണ്ണമല്ല. നികുതി നിർണ്ണയങ്ങൾ പുന: പരിശോധിച്ച് നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി-റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് നിർണ്ണയിച്ചില്ല

സർക്കാർ ഉത്തരവ്(അ) 52/2020/തസ്വഭവ തീയതി, 08-09-2020 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങളുടെ കുറഞ്ഞതും കൂടിയതുമായ വസ്തുനികുതി സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നികുതി നിരക്ക് തീരുമാനിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ നിരക്ക് ഉൾപ്പെടുത്തുന്ന സ്ക്രീനിന്റെ ചിത്രം ചുവടെ ചേർക്കുന്നു.




| Sl.No | Function | Minimum Rate | Maximum Rate | Rate |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 6 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 | 60 | 40 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 | 70 | 60 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 | 60 | 50 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 80 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 30 | 60 | 40 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 40 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 7 |
| 9 | ആശുപത്രികൾ | 3 | 8 | 7 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 20 | 40 | 40 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 15 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 45 |
| 13 | റിസോർട്ടുകൾ | 80 | 90 | 90 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 40 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 | 60 |
| 17 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ് | 3 | 8 | 8 |
| 18 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | 25 |
| 19 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | 160 |
| 20 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | 0 |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 | |

വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി -പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

തൊഴിൽ നികുതി ഡിമാൻഡ് പൂർണ്ണമല്ല

1)ഗ്രാമപഞ്ചായത്തിൽ 3 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പെട്രോൾ പമ്പുകളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നില്ല.

2) എസ്ക്വയർ എന്ന ബാർ അറ്റാച്ച്ഡ് ഹോട്ടലിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല

3) പ്രസിഡൻസി കോളേജ് എന്ന സ്ഥാപനത്തിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല

തൊഴിൽ നികുതി ചുമത്തപ്പെടാത്ത മറ്റ് സ്ഥാപനങ്ങൾ

1)ചിഞ്ചൂസ് ഫൈനാൻസിയേഴ്സ്, പടനിലം

2)ബിഎസ്എൻഎൽ

3)ART Leasing Ltd പടനിലം

4)P G ഫൈനാൻസിയേഴ്സ്, പടനിലം
തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 സർക്കാരിലേക്ക് ഒടുക്കേണ്ട പണം ബാധ്യതയായി തുടരുന്നു

വാർഷിക കണക്കുകളിലെ ഹെഡ് 350300109 പ്രകാരം 200000 രൂപ സർക്കാരിലേക്ക് ഒടുക്കുവാനുണ്ട്.25/2/2020ലാണ് തുക വരവ് വന്നിട്ടുള്ളത്. സംയുക്ത സംരഭത്തിനായി (ശ്മശാന നിർമ്മാണം)ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകയാണ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുള്ളത്. CFC ഗ്രാന്റിൽ നിന്നുള്ള ഈ തുക തിരികെ സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-17 ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ

നൂറനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകളിലായി ആകെ 42 കടമുറികൾ നിലവിലുണ്ട്. കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സിൽ 14 കടമുറികളും, പടനിലം ഷോപ്പിങ്ങ് കോംപ്ലക്സിൽ 28 കടമുറികളുമാണ് ഉള്ളത്.

2021-22 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിലെ കടമുറികൾ വാടകയ്ക്ക് എടുത്തിരുന്ന താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും 14604/-രൂപ വാടകകുടിശ്ശിക ലഭിക്കാനുണ്ട്. എന്നാൽ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ വാടക കുടിശ്ശിക 19068/-രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര്/വിലാസം | കെട്ടിട നമ്പർ | ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | അജയകുമാർ,ഉഷസ്സ്,പാറ്റൂർ | 1 | 6300/- |
| 2 | അജയകുമാർ,ഉഷസ്സ്,പാറ്റൂർ | 4 | 8304/- |
| ആകെ | | | 14604 |

ഇത് സംബന്ധിച്ച് വ്യക്തത വരുത്താനും മേൽ വ്യക്തിയിൽ നിന്നും വാടകകുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/13-01-23 ന് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശികക്കാരിൽ നിന്നും പലിശ സഹിതം വാടക ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

2) വാടക രജിസ്റ്ററിലെ ഡി.സി.ബി സ്റ്റേറ്റമെന്റ് പ്രകാരം മുൻകാല കുടിശ്ശികയായി 42452/-രൂപ നിലനിൽക്കുന്നുണ്ട്. വാടക രജിസ്റ്ററിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം മുൻകാല കുടിശ്ശികയിൽ(73494) നിന്നും 22982/-രൂപ റൈറ്റ് ഓഫ് ചെയ്തതായി കാണുന്നു. റൈറ്റ് ഓഫ് ചെയ്തതിന്റെ കാരണം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക അടയ്ക്കാത്തപക്ഷം റവന്യു റിക്കവറി നടപടികൾ വഴി കുടിശ്ശിക പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3) വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പടനിലം ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം IV/585, IV/586 എന്നിവ

ഉപയോഗശൂന്യമായതിനാൽ വാടകയ്ക്ക് നൽകിയിട്ടില്ല എന്ന രേഖപ്പെടുത്തിയിരിയ്ക്കുന്നതായി കണ്ടു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടി മുറികൾ 2018-19 വർഷം വാടകയ്ക്ക് നൽകിയിരുന്നു. 2019-20 ൽ വാടകക്ക് നൽകിയിരുന്നോയെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നഗരകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ ടി മുറികൾ അറ്റകുറ്റപണി ചെയ്ത് വാടകയ്ക്ക് നൽകാതെയിരിയ്ക്കുന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നുള്ള അലംഭാവമാണ്. ഗ്രാമപഞ്ചായത്തിന്റെ വരുമാനവർദ്ധനവിന് സഹായകമാകും വിധം ടി മുറികൾ എത്രയും പെട്ടന്ന് അറ്റകുറ്റ പണിചെയ്ത് വാടക നിശ്ചയിച്ച് ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ പലമുറികളും തുച്ഛമായ വാടകയ്ക്കാണ് നൽകിയിരിയ്ക്കുന്നതെന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | റൂം നം | ഈടാക്കുന്ന വാടക |
|---|---|---|---|
| 1 | കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് | 2 | 203 |
| 2 | കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് | 5 | 704 |
| 3 | കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് | 6 | 350 |
| 4 | പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സ് | IV/587 | 744 |
| 5 | പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സ് | IV/588 | 706 |
| 6 | പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സ് | IV/598 | 598 |

പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിനുസഹായകമാകുന്ന ടി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വിസ്തൃതിയും നിലവിലെ മാർക്കറ്റനുസരിച്ചും വാടക പുനർനിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 1-18 ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതും. പഞ്ചായത്തിരാജ് നിയമങ്ങളിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറും, ലൈസൻസ് രജിസ്റ്ററും, ട്രേഡേഴ്സ് ലിസ്റ്റും, അപേക്ഷകളും താരതമ്യം ചെയ്ത് പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, ഇടപ്പോൺ |
| 2 | സപ്ളൈകോ മാവേലി മെഡിക്കൽ സ്റ്റോർ, ചാരുമ്മൂട് |
| 3 | സപ്ളൈകോ മാവേലി സ്റ്റോർ, ചാരുമ്മൂട് |

| | |
|---|---|
| 4 | സപ്ളൈകോ സൂപ്പർ മാർക്കറ്റ്, ചാരുമ്മൂട് |

ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/16-01-23 ന് മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ഫീസ് - അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ 45625/- രൂപയുടെ നീക്കിയിരുപ്പ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 2022 ൽ ആരംഭിച്ച ഇ-ടെണ്ടർ അക്കൗണ്ടിൽ (എസ്.ബി.ഐ-2265) 01.12.22 ൽ 45625/- രൂപ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ നിലനിൽക്കുന്ന തുക പഞ്ചായത്ത് അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഇത് കൂടാതെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലും 2015-16 മുതലുള്ള തുക നിലനിൽക്കുന്നുണ്ട്. ടി തുക കൃത്യമായി കണക്കാക്കേണ്ടതും തുക പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 കുളം നവീകരണം - സമയബന്ധിതമായി ലേല നടപടികൾ സ്വീകരിച്ചില്ല.

കുളം നവീകരണത്തിനായി തൻവർഷം രണ്ട് പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിയത്. കുളത്തിന്റെ സംരക്ഷണ ഭിത്തി നിർമിച്ച് കുളത്തിലെ ജലം സംരക്ഷിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. രണ്ട് പ്രവൃത്തിയിലും Earth Work Excavation നടത്തിയിരുന്നു. ലഭിച്ച മണ്ണിൽ പുനരുപയോഗയോഗ്യമായ മണ്ണ് ലേലം നടത്തുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയതായി എം.ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ.

| പദ്ധതിയുടെ പേര് | സർവ്വെ റിപ്പോർട്ട് പ്രകാരം പുനരുപയോഗയോഗ്യമായ മണ്ണിന്റെ അളവ് | തുക |
|---|---|---|
| ചിറയിൽ കുളം നവീകരണം വാർഡ് 12 | 81.774 $M^3$ | 24532 |
| കുമ്പഴ കുളം നവീകരണം, വാർഡ് 13 | 43.280 $M^3$ | 12984 |
| ആകെ | | 37516 |

സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(22/21-22/16.01.2023) മറുപടി ഹാജരാക്കിയില്ല. ലേല രജിസ്റ്ററിലോ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിലോ ഇപ്രകാരം ലേലം നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നത് കാരണം പഞ്ചായത്തിന് 37516/- രൂപയുടെ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

## 1-21 സാമൂഹ്യ ക്ഷേമ പെൻഷൻ അനർഹർ കൈപ്പറ്റുന്നു

I)സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും Direct Beneficiary Transfer റിപ്പോർട്ടും പരിശോധിച്ചതിൽ, സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ അനർഹമായി സാമൂഹ്യപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ,

| ക്രമ നം | പേര്/മേൽവിലാസം | പെൻഷൻ ഐഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ജാനകി<br>കുഴിക്കണ്ടത്തിൽ തെക്കേതിൽ, ഐരാണിക്കുടി ഇടപ്പോൺ | 104860100444 | 97100 |
| 2 | പൊന്നമ്മ.ജി<br>ഇളവക്കാട്ടേത്ത്,ഇടപ്പോൺ,ഐരാണിക്കുടി | 104860200993 | 16800 |
| 3 | എ.കെ.കുട്ടൻ<br>അമ്പിയിൽ | 104860100553 | 73200 |

| | | | |
|---|---|---|---|
| | വടക്കേതിൽ ,ചെറുമുഖ | | |
| 4 | വിദ്യാപതി<br>വിദ്യാഭവൻ, ചെറുമുഖ | 104860600819 | 52800 |

മേൽ വ്യക്തികളിൽ നിന്നും അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/13-01-22 ന് മറുപടി ലഭ്യമാക്കിയില്ല. അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

II)നൂറനാട് ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായ ശ്രീമതി പത്മാക്ഷി, സുരേഷ്ഭവനം എന്ന വ്യക്തി 2017 ഏപ്രിൽ മാസം മുതൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്നുണ്ട്. എന്നാൽ പരാതി ലഭിച്ച പ്രകാരം ടിയാളുടെ കുടുംബവാർഷിക വരുമാനം വില്ലേജ് ഓഫീസർ പുനർനിർണ്ണയിക്കുകയും ,07/10/21 ൽ കൂടിയ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയ 2021 സെപ്റ്റംബർ മാസം മുതൽ ടിയാളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാനും ടിയാൻ കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കുന്നും തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ പെൻഷൻ രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാൾ സാമൂഹ്യപെൻഷൻ കൈപ്പറ്റി തുടങ്ങിയത് ഏപ്രിൽ 2017 മുതൽക്കാണ്. ടിയാൾ അന്നു മുതൽ അനധികൃതമായി കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാനും അന്നുമുതലുള്ള കൈപ്പറ്റിയ സാമൂഹ്യപെൻഷൻ തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ മേൽ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി പത്മാക്ഷി, സുരേഷ്ഭവനം എന്ന വ്യക്തിയുടെ പെൻഷൻ അപേക്ഷയിൽ ഒരു ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റാണ് ഹാജരാക്കിയതെന്നും 2021 വർഷം ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 2021 സെപ്റ്റംബർ മാസം മുതലുള്ള പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ടിയാൾ പെൻഷൻ കൈപ്പറ്റി തുടങ്ങിയ ഏപ്രിൽ 2017 മുതൽ സെപ്റ്റംബർ 2021 വരെ അനധികൃതമായി കൈപ്പറ്റിയ 74100/-രൂപ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

അനർഹമായി പെൻഷൻ കൈപ്പറ്റിയ മേൽ പട്ടികയിലെ (I)നാലു പേരും തുക തിരികെ അടച്ചിട്ടില്ല എന്നും ടി വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റിയ പെൻഷൻ തിരികെ അടയ്ക്കാത്തപക്ഷം റവന്യൂറിക്കവറികൾ നടത്തി അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-22 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക ഇനത്തിൽ കോടികളുടെ ഡിമാന്റ്

കേരള വാട്ടർ അതോറിറ്റി ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.04.2021 ലെ 50924 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ 02/2021 വരെയുള്ള 552 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക 2,13,01,163/-രൂപയാണ്. തുടർന്നുള്ള മാസങ്ങളിൽ ഫൈൻ ഉൾപ്പടെ ഭീമമായ തുകയാണ് പ്രതിമാസ ഡിമാന്റ് .ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും 2022 ജൂലൈ മാസം നടത്തിയ സംയുക്ത പരിശോധനയിൽ 137 ടാപ്പുകൾ മാത്രമാണ് പ്രവർത്തന ക്ഷമമെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രവർത്തന ക്ഷമമല്ലെന്ന് കണ്ടെത്തിയ ടാപ്പുകൾ ഡിമാന്റിൽ ചെയ്യുന്നതിന് 9 ലക്ഷം രൂപ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുകയിൽ കുറവു വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടത്തുന്നുണ്ടെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.2/21-22/11.1.23 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തനതു ഫണ്ടിന് അധിക ബാധ്യത വരുത്തുന്ന വെള്ളക്കരം കുറയ്ക്കുന്നതിനും കുടിശ്ശിക നിവാരണത്തിനുമുള്ള നടപടികൾ തുടരേണ്ടതുമാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനം -മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് പരിപാലനം പ്രോജക്ട് (നം.18/22) പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ നിന്ന് 9,99,801/- രൂപ (ബിൽനം.51/31.3.22-249311, 31/13.12.21-255600,28/16.11.21-494890)ചെലവഴിച്ചിട്ടുണ്ട്. സർക്കുലർ നം.75326/എഫ് എം1/2007/തസ്വഭവ.30.1.2008 പ്രകാരം തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, തെരുവ് വിളക്കുകളുടെ പരിപാലനം തുടങ്ങിയ ആവശ്യങ്ങൾക്കായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കാവുന്നതല്ല. ഇതിന് വിരുദ്ധമായി പഞ്ചായത്തിന്റെ തനത് ആസ്തിയായ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിച്ചതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.10/16.1.2023) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-24 68.7 ലക്ഷം രൂപ വിവിധ നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്നു

കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്ന പണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വാർഷിക കണക്കുകൾ പ്രകാരം)

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി | 28,84,587 |
| 2 | കേരള വാട്ടർ അതോറിറ്റി | 39,83,865 |

പദ്ധതിനിർവ്വഹണത്തിനായി നൽകുന്ന തുകയുടെ തുടർനിരീക്ഷണം നടത്തി വിനിയോഗ വിവരങ്ങൾ യഥാസമയം കാലികമാക്കേണ്ടതാണ്.

## 1-25 കരയം മുട്ടം കാരിത്തോട് പാടശേഖരം ലൈൻ എക്സ്റ്റൻഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ കരയം മുട്ടം കാരിത്തോട് പാടശേഖരത്തിന് മോട്ടോർ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ(പ്രോജക്ട് നം.153/22) എന്ന പ്രോജക്ട് പ്രകാരം ലൈൻ വലിക്കുന്നതിന് 1,15,000/- രൂപയും സർവ്വീസ് കണക്ഷൻ നൽകുന്നതിന് 20,016/- രൂപയും ഉൾപ്പെടെ 1,35,016/- രൂപ അടയ്ക്കുന്നതിന് കെ എസ് ഇ ബി പന്തളം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് കത്ത് ലഭിച്ചിരുന്നു. ഇതിൻ പ്രകാരം 47246/- രൂപ (ചെക്ക് നം.47444/21.2.2022) തനത് ഫണ്ടിൽ നിന്നും 87770/- രൂപ (ബിൽ നം.43/15.2.22)വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/16.1.2023) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ആകെ ചെലവ് തുക 135016/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 വയോജന സൗഹൃദ കേന്ദ്രം - പ്രവർത്തനവിവരങ്ങളും വിനിയോഗവിവരങ്ങളും ഹാജരാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി, ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വയോജനങ്ങളെ ഒരുമിച്ച് ചേർക്കുവാനും വിനോദത്തിലേർപ്പെടാനും വിശ്രമിയ്ക്കാനുമുള്ള സൗകര്യം ലക്ഷ്യമാക്കി തുടങ്ങിയതാണ് വയോജനസൗഹൃദ കേന്ദ്രവും വയോജനക്ലബ്ബും എന്ന പദ്ധതി(S0086/22). ഇതിനായി വികസനഫണ്ടിൽ നിന്നും 26,000/- രൂപ 21-22 ൽ ചെലവഴിച്ചിട്ടുണ്ട്. അങ്കണവാടി ഹെൽപ്പറായ പ്രഭാമുരളിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 12000/- രൂപയും, അങ്കണവാടി വർക്കറായ വിമല രവീന്ദ്രന്റെ അക്കൗണ്ടിലേയ്ക്ക് 14000/- രൂപയും ട്രഷറി ബിൽ നം 1 തീയതി 09/07/21 പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ടി വ്യക്തികൾ മാർച്ച് മാസം കൈപ്പറ്റിയ രസീത് മാത്രമേ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടുള്ളു. 2021 ജൂലായ് മാസം തുക നൽകുമ്പോൾ അതുവരെയുള്ള തുകയുടെ കൈപ്പറ്റ് രസീതാണ് നൽകേണ്ടത്. 13000/- രൂപയുടെ(7000+6000) മാർച്ച് മാസത്തെ കൈപ്പറ്റ് രസീത് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. വർഷം ഏതാണെന്ന് കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിട്ടുമില്ല. ബാക്കി തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വയോജനസൗഹൃദ കേന്ദ്രത്തിനായി പ്രത്യേകം കെട്ടിടം നിലവിലുണ്ടോ? ടി കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ, ടി പദ്ധതി എന്നാണ് തുടങ്ങിയത്, എന്ന് വരെ പ്രവർത്തിച്ചു, ഇത് ഇപ്പോഴും തുടരുന്നുണ്ടോ എന്നുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/10-01-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പകരം വെള്ളപേപ്പറിൽ എഴുതിയ രണ്ട് കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഹാജരാക്കിയത്. ടി സ്ഥാപനത്തിന്റെ പ്രവർത്തന വിവരങ്ങളോ,ടി ജീവനക്കാർ എത്ര ദിവസം ജോലി ചെയ്തു, എന്നത് സംബന്ധിച്ച അറ്റൻഡൻസ് റിപ്പോർട്ടോ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടോ സ്ഥാപനം തുടർന്ന് പ്രവർത്തിയ്ക്കുന്നുണ്ടോ തുടങ്ങിയുള്ള വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. എൻക്വയറിയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് പൂർണ്ണമായ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തനവിവരങ്ങളും, വിനിയോഗവിവരങ്ങളും ഹാജരാക്കാത്തതിനാൽ, ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 26000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഹരിത കർമ്മ മിഷന് വേണ്ടി സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിറ്ററിംഗ്-പ്രവർത്തനങ്ങൾ പൂർത്തിയായില്ല

പ്രോജക്ടിന്റെ പേര്: ഹരിത കർമ്മ മിഷന് വേണ്ടി സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിറ്ററിംഗ്

പ്രോജക്ട് നം.:27/23

ചെലവിന്റെ വിവരങ്ങൾ: 186640രൂപ(വൗച്ചർ നം.22100656/31.3.22)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്ട് പ്രകാരം സ്മാർട്ട് ഗാർബേജ് സിസ്ററം മോണിറ്ററിംഗ് നടത്തുന്നതിനുള്ള ഇംപ്ലിമെന്റേഷൻ ചാർജ്ജ്, എസ്.എം.എസ് ചാർജ്ജ് എന്നീ ഇനങ്ങളിലായി 142900 രൂപ

കെൽട്രോണിന് നൽകിയിരുന്നു. ഇതിന്റെ ഭാഗമായി 43739 രൂപ ചെലവഴിച്ച് ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിരുന്നു. ഗാർബേജ് സിസ്ററം മോണിറ്ററിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/16.1.2023) ലഭ്യമാക്കിയ മറുപടിയിൽ ഗാർബേജ് സിസ്റ്റം മോണിറ്ററിംഗിന്റ ഭാഗമായി അടഞ്ഞ് കിടക്കാത്ത എല്ലാ വീടുകളിലും ക്യൂ ആർ കോഡ് പതിച്ചിട്ടുണ്ടെന്നും ക്യൂ ആർ കോഡ് പതിച്ച എല്ലാ വീടുകളിലും ഹരിത കർമ്മ സേനാ കവറേജ് ഉണ്ടെന്നും മറുപടി നൽകി. എന്നാൽ പ്രവർത്തനം പൂർത്തിയാക്കിയത് സംബന്ധിച്ച് കെൽട്രോണിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക (186639 രൂപ) തടസ്സപ്പെടുത്തുന്നു.

## 1-28 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ പ്രോജക്ട് എന്നീ പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

1.പ്രോജക്ട് നം./ പേര് . 49/പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ . 1000000

ചെലവ് . 1000000

ബിൽ നം. 5/21-22/2.9.21- 76500/-

7/21-22/28.10.21-400000/-

8/21-22/28.10.21-400000/-

16/21-22/21.2.22-123500/-

പി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നമ്പർ 7/21-22/28.10.21പ്രകാരം 400000/-രൂപ കെ.എം.എസ്.സി.എൽ ന് അഡ്വാൻസ് നല്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഇനി 72615/- രൂപയുടെ കൂടി മരുന്ന് ലഭിക്കുവാനുണ്ട്.

2.പ്രോജക്ട് നം./ പേര് . 54/ പാലിയേറ്റീവ് കെയർ പ്രോജക്ട്

അടങ്കൽ . 1000000

ചെലവ് . 818390

പാലിയേറ്റീവ് കെയർ പ്രോജക്ടിലേക്ക് മരുന്ന് വാങ്ങുന്നതിനായി ബിൽ നമ്പർ 14/21-22/ 8.2.22 നമ്പർ പ്രകാരം 370239/- രൂപ കെ.എം.എസ്.സി.എൽ ന് അഡ്വാൻസ് നല്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഇനി 22840/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

ബാക്കി മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും ഇല്ലായെങ്കിൽ സ്വീകരിച്ച നടപടികളുടെയും വിവരം അറിയിക്കുവാനും മരുന്ന് ലഭ്യതയിലെ കാലതാമസം ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/21-22/13.01.23 ന് മറുപടി ലഭ്യമാക്കിയില്ല.

തുക മുൻകൂറായി അടച്ചിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 95455/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ആയുർവേദമരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുഷ് ആയുർവേദ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് താഴെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ആയുർവേദ മരുന്നുകൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്ക് മരുന്നുകളുടെ വില മുൻകൂറായി നൽകിയിരുന്നെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|
| ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ(പ്രോജക്ട് നം.80/22) | 1000000(ബിൽ നം. 48/26.3.2022) | 447677 | 552323 |
| വൃദ്ധർക്ക് മരുന്ന് വാങ്ങൽ(88/22) | 250000(47/26.3.2022) | 212373 | 37627 |

ശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (നം.7/16.1.2023) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ രണ്ട് പ്രോജക്റ്റുകളിലുമായി ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വിലയായ 589950 രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 റോഡ് ടാറിംഗ് പ്രവൃത്തികൾ -ബിറ്റുമിന്റെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി ഈടാക്കിയില്ല- ഈടാക്കിയ ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

1)ബിറ്റുമിന്റെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ്/ഈടാക്കിയ തുക | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ട തുക | കുറവ് | ബിൽ നം/തീയതി |
|---|---|---|---|---|---|
| 1 | പ്ലാവിളയിൽ മുക്ക് തോട്ടം കര റോഡ് റീസർഫേസിംഗ് & ഓട നിർമ്മാണം | 10@238 = 2380 | 10@281=2810 | 430 | 442932 (ബിൽ നം.1/13.07.21) |
| 2 | പുത്തൻപുരയ്ക്കൽ-കുന്നയ്യത്ത് റോഡ് റീ-ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ | 17@238=4046 | 17@281=4777 | 731 | 458300(20-21) 37770/-ബിൽ നം.3/13.07.21 |
| 3 | പടിപുരയ്ക്കൽ - കളത്തി പറമ്പിൽ റോഡ് റീടാറിംഗ്, സൈഡ് പ്രോട്ടക്ഷന് | 28@238=6664 | 28@281=7868 | 1204 | 1156136/ബിൽ നം.2/13.07.21 |
| | | | | 2365 | |

ഇപ്രകാരം ജി.എസ്.ടി. ഈടാക്കാത്തതുമൂലമുള്ള കുറവ് 2365 രൂപ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

2)കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കിയ ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

പഞ്ചായത്തിൽ നിർവഹണം നടത്തിയ ഏതാനും ടാറിംഗ് പ്രവൃത്തികളുടെ ആകെ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയായി 18% ജി.എസ്.ടി ഉൾപ്പെടെ 238+18%= 281 രൂപ ഈടാക്കിയിരുന്നെങ്കിലും ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/21-22), മറുപടി ഹാജരാക്കിയില്ല. ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 പ്ലാവിളയിൽ മുക്ക് തോട്ടം കര റോഡ് റീസർഫേസിംഗ് & ഓട നിർമ്മാണം -അപാകതകൾ

പ്രോജക്റ്റ് നം. S0051/19

കരാറുകാരൻ -ചന്ദ്രശേഖരൻ ഉണ്ണിത്താൻ

പി.എ.സി-499938.36(എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം-19/AE/LSGD/25.02.2019

എം ബുക്ക് നം. 48/20-21

ഈ പ്രവൃത്തിയിൽ ഓട നിർമ്മാണം, റീ-ടാറിംഗ് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അപാകതകൾ താഴെ കൊടുക്കുന്നു.

1)കരാർ പ്രകാരം ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 4 മാസമായിരുന്നു. കരാർ രജിസ്റ്റർ പ്രകാരവും 27.06.19 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി ആരംഭിച്ചത് തന്നെ 10.02.21ലാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 15.01.21 ൽ അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും നിലവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഐറിഷ് ഡ്രയിൻ നിർമ്മാണം കൂടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അത് ചെയ്തിട്ടില്ല.

2)25.02.2019 കരാർ ചമച്ച പ്രവൃത്തി ആരംഭിച്ചത് തന്നെ 10.02.21ലാണ്. എം ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 22.03.21ലാണ്. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. അതിനു ശേഷം അളവുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. 1st And Part Bill ആയി 442932രൂപ (ബിൽ നം.1/13.07.21) അനുവദിച്ചെങ്കിലും പാർട്ട് ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3)എം ബുക്കിൽ മെമ്മോ ഓഫ് പേയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല.

4)റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതാണ് എന്നിരിക്കെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. 10 ബാരൽ ടാറിന്റെ വിലയായി @238 = 2380 രൂപ മാത്രമാണ് കുറവ് ചെയ്തത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചിട്ടുമില്ല, കാലാവധി ദീർഘിപ്പിച്ചിട്ടുമില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം - പൊതു അപാകതകൾ

2021-22 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

2.ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ആർക്കാണ് ടെണ്ടർ ഉറപ്പിച്ചതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭിച്ച EMD യുടെ വിവരങ്ങൾ, പങ്കെടുത്ത കരാറുകാരുടെ ഒപ്പ്, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
3. 2019-20 മുതൽ എഗ്രിമെന്റ് രജിസ്റ്റർ കൃത്യമായി എഴുതി പോരുന്നില്ല. എസ്റ്റിമേറ്റ്, പി.എ.സി, സെക്യൂരിറ്റി തുക, കരാർ തീയതി, പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. 21-22 ൽ എസ്റ്റിമേറ്റ് തുക പോലും പലതിലും എഴുതിയിട്ടില്ല. എഴുതിയതാവട്ടെ പെൻസിൽ ഉപയോഗിച്ചും.

4.പല പ്രവൃത്തികളുടേയും എം ബുക്കിൽ മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011 ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ്

കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ലൈഫ് അവലോകനം

1 . ലൈഫ് പദ്ധതിയ്ക്കായി 2021-22 കാലയളവിൽ ആകെ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട്

| വിഭാഗം | | പ്ലാൻ ഫണ്ട് | സംസ്ഥാന വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ വായ്പ |
|---|---|---|---|---|---|---|
| ജനറൽ & എസ്.സി | അടങ്കൽ | 0 | 4099000 | 3658000 | 3845000 | 0 |
| | ചെലവ് | 0 | 2699000 | 3658000 | 3845000 | 0 |

2. 2021-22 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

| വിഭാഗം | ലക്ഷ്യം വച്ചിട്ടുള്ള ഭവന നിർമ്മാണം | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|
| എസ്.സി&ജനറൽ | 37 | 32 |

3. ഭാഗികമായി പ്രവർത്തി പൂർത്തിയാക്കിയവരുടെ വിവരം

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| സുമ സുരേഷ് ,ഉടയാന്റെ പറമ്പിൽ | 300000 |
| രമണി ,ആറ്റുചിറയിൽ | 300000 |
| മഞ്ചു പ്രിയ | 40000 |
| ഷീല സുരേഷ് | 40000 |
| സരസ്വതിയമ്മ | 300000 |

ഭാഗികമായി പ്രവർത്തി നടപ്പാക്കിയവർക്ക് ആവശ്യമായ നിർദ്ദേശവും സഹായവും നല്കി പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-34 തൊഴിലുറപ്പ് പദ്ധതി- കയർ ഭൂവസ്ത്രം വാങ്ങൽ - ജി എസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്യിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ തോട് പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഇതിനായുള്ള കയർ ഭൂവസ്ത്രം കേരള കയർ കോർപ്പറേഷനിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| നടപ്പാക്കിയ പ്രവത്തി ,എം ബുക്ക് നമ്പർ | കയർ ഭൂവസ്ത്രത്തിനായി ചെലവഴിച്ച തുക |
|---|---|
| കല്ലുമറ്റം പെരുമ്പാൽ തോട് നവീകരണം,462/21-22 | 165375 |
| കല്ലുമറ്റം വരട്ട് ചിറതോട് നവീകരണം,458/-21-22 | 165375 |
| കളീക്കൽ തോട് കളം -പെരുവേലിച്ചാൽ തോട് ,461/21-22 | 194775 |
| തയ്യിൽ പാററി തോട് ,460/21-22 | 165375 |
| ശ്രീവിഹാർ നടുവശ്ശേരി തോട് ഇടക്കുന്നം,459/21-22 | 183750 |
| ആകെ | 874650 |

2017 ലെ ജി എസ് റ്റി ആക്ട് സെക്ഷൻ 51 പ്രകാരം 2.50 ലക്ഷം രൂപയ്ക്ക് മുളിലുള്ള വാങ്ങലുകൾക്ക് 2% ജിഎസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. മേൽ പ്രവൃത്തികൾക്കായി ആകെ 874650 രൂപയുടെ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. എന്നാൽ സോഴ്സിൽ നിന്ന് ജിഎസ് ടി ഇനത്തിലെ തുക കുറവ് ചെയ്യിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/16.1.2022) മറുപടി ലഭ്യമാക്കിയില്ല. കയർ ഭൂവസ്ത്രം വാങ്ങിയ ഇനത്തിൽ കേരള കയർ കോർപ്പറേഷനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന 17493 രൂപ ഈടാക്കി ജി.എസ്.ടി വകുപ്പിൽ അടയ്ക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കുളം നവീകരണം - സമയബന്ധിതമായി ലേല നടപടികൾ സ്വീകരിച്ചില്ല.

കുളം നവീകരണത്തിനായി തൻവർഷം രണ്ട് പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കിയത്. കുളത്തിന്റെ സംരക്ഷണ ഭിത്തി നിർമിച്ച് കുളത്തിലെ ജലം സംരക്ഷിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്. രണ്ട് പ്രവൃത്തിയിലും Eath Work Excavation നടത്തിയിരുന്നു. ലഭിച്ച മണ്ണിൽ പുനരുപയോഗയോഗ്യമായ മണ്ണ് ലേലം നടത്തുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയതായി എം ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ,

| പദ്ധതിയുടെ പേര് | സർവ്വെ റിപ്പോർട്ട് പ്രകാരം പുനരുപയോഗയോഗ്യമായ മണ്ണിന്റെ അളവ് | തുക |
|---|---|---|
| ചിറയിൽ കുളം നവീകരണം വാർഡ് 12 | 81.774 M3 | 24532 |
| കുമ്പഴ കുളം നവീകരണം, വാർഡ് 13 | 23.375m3 | 12984 |
| ആകെ | | 37516 |

സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. ലേല രജിസ്റ്ററിലോ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിലോ ഇപ്രകാരം ലേലം നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നത് കാരണം പഞ്ചായത്തിന് 37516 /- രൂപയുടെ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

### 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക-അപാകതകൾ

നൂറനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകളിലായി ആകെ 42 കടമുറികൾ നിലവിലുണ്ട്. കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സിൽ 14 കടമുറികളും, പടനിലം ഷോപ്പിങ്ങ് കോംപ്ലക്സിൽ 28 കടമുറികളുമാണ് ഉള്ളത്.

2021-22 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടത്തിലെ കടമുറികൾ വാടകയ്ക്ക് എടുത്തിരുന്ന താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും 14604/-രൂപ വാടകകുടിശ്ശിക ലഭിക്കാനുണ്ട്. എന്നാൽ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ വാടക കുടിശ്ശിക 19068/-രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം | പേര്/ | കെട്ടിട നമ്പർ | ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | അജയകുമാർ,ഉഷസ്സ്,പാറ്റൂർ | 1 | 6300/- |
| 2 | അജയകുമാർ,ഉഷസ്സ്,പാറ്റൂർ | 4 | 8304/- |
| ആകെ | | | 14604 |

ഇത് സംബന്ധിച്ച് വ്യക്തത വരുത്താനും മേൽ വ്യക്തിയിൽ നിന്നും വാടകകുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/13-01-23 ന് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക ഉത്തരവാദികളിൽ നിന്ന് പിഴസഹിതം ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാടക രജിസ്റ്ററിലെ ഡി.സി.ബി സ്റ്റേറ്റമെന്റ് പ്രകാരം മുൻകാല കുടിശ്ശികയായി 42452/-രൂപ നിലനിൽക്കുന്നുണ്ട്. വാടക രജിസ്റ്ററിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം മുൻകാല കുടിശ്ശികയിൽ(73494) നിന്നും 22982/-രൂപ റൈറ്റ് ഓഫ് ചെയ്തതായി കാണുന്നു. റൈറ്റ് ഓഫ് ചെയ്തതിന്റെ കാരണം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക അടയ്ക്കാത്തപക്ഷം റവന്യു റിക്കവറി നടപടികൾ വഴി കുടിശ്ശിക പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പടനിലം ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നം IV/585, IV/586 എന്നിവ ഉപയോഗശൂന്യമായതിനാൽ വാടകയ്ക്ക് നൽകിയിട്ടില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടി മുറികൾ 2018-19 വർഷം വാടകയ്ക്ക് നൽകിയിരുന്നു. 2019-20 ൽ വാടകക്ക്

നൽകിയിരുന്നോയെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ മേൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. നഗരകേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ളക്സിലെ ടി മുറികൾ അറ്റകുറ്റപണി ചെയ്ത് വാടകയ്ക്ക് നൽകാതെയിരിക്കുന്നത് പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നുള്ള അലംഭാവമാണ്. ഗ്രാമപഞ്ചായത്തിന്റെ വരുമാന മാർഗ്ഗമാകുന്ന ടി മുറികൾ എത്രയും പെട്ടന്ന് അറ്റകുറ്റ പണിചെയ്ത് മാർക്കറ്റ് ഡിമാന്റനസരിച്ച് വാടക നിശ്ചയിച്ച് ലേല നടപടിൾ സ്വീകരിച്ച് വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ളക്സുകളിലെ പലമുറികളും തുച്ഛമായ വാടകയ്ക്കാണ് നൽകിയിരിക്കുന്നതെന്ന കാണുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | റൂം നം | ഈടാക്കുന്ന വാടക |
|---|---|---|---|
| 1 | കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് | 2 | 203 |
| 2 | കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് | 5 | 704 |
| 3 | കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സ് | 6 | 350 |
| 4 | പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സ് | IV/587 | 744 |
| 5 | പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സ് | IV/588 | 706 |
| 6 | പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സ് | IV/598 | 598 |

പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്കുള്ള വരുമാന വർദ്ധനവിനുള്ള മാർഗ്ഗമാകുന്ന ടി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വിസ്തൃതിയും മാർക്കറ്റ് ഡിമാന്റനസരിച്ച് വാടക പുനർനിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികൾ -ബിറ്റുമിന്റെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി ഈടാക്കിയില്ല

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

1)ബിറ്റുമിന്റെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ്/ഈടാക്കിയ തുക | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കേണ്ട തുക | കുറവ് | ബിൽ നം/തീയതി |
|---|---|---|---|---|---|
| 1 | പ്ലാവിളയിൽ മുക്ക് തോട്ടം കര റോഡ് റീസർഫേസിംഗ് & ഓട നിർമ്മാണം | 10@238 = 2380 | 10@281=2810 | 430 | 442932 (ബിൽ നം.1/13.07.21) |
| 2 | പുത്തൻപുരയ്ക്കൽ-കന്നയ്യത്ത് റോഡ് റീ-ടാറിംഗ്, | 17@238=4046 | 17@281=4777 | 731 | 458300(20-21) 37770/-ബിൽ നം.3/13.07.21 |

| | | | | | |
|---|---|---|---|---|---|
| | സൈഡ് പ്രൊട്ടക്ഷൻ | | | | |
| 3 | പടിപുരയ്ക്കൽ - കളത്തി പറമ്പിൽ റോഡ് റീടാറിംഗ്, സൈഡ് പ്രോട്ടക്ഷന് | 28@238=6664 | 28@281=7868 | 1204 | 1156136/ബിൽ നം.2/13.07.21 |
| | | | | 2365 | |

ഇപ്രകാരം നികുതി ഈടാക്കാത്തത് കാരണം കുറവ് വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-2 സാമൂഹ്യ ക്ഷേമ പെൻഷൻ അനർഹർ കൈപ്പറ്റുന്നു

I)സാമൂഹ്യപെൻഷൻ സംബന്ധിച്ച വിതരണ രേഖകളും Dbt റിപ്പോർട്ടും പരിശോധിച്ചതിൽ നിന്നും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന താഴെപ്പറയുന്ന ഗുണഭോക്താക്കൾ അനർഹമായി സാമൂഹ്യപെൻഷൻ കൈപ്പറ്റിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ,

| ക്രമ നം | പേര്/മേൽവിലാസം | പെൻഷൻ ഐഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ജാനകി<br>കുഴിക്കണ്ടത്തിൽ തെക്കേതിൽ, ഐരാണിക്കുടി<br>ഇടപ്പോൺ | 104860100444 | 97100 |
| 2 | പൊന്നമ്മ.ജി<br>ഇളവക്കാട്ടേത്ത്, ഇടപ്പോൺ, ഐരാണിക്കുടി | 104860200993 | 16800 |
| 3 | എ.കെ.കുട്ടൻ<br>അമ്പിയിൽ<br>വടക്കേതിൽ ,ചെറുമുഖ | 104860100553 | 73200 |
| 4 | വിദ്യാപതി<br>വിദ്യാഭവൻ, ചെറുമുഖ | 104860600819 | 52800 |

മേൽ വ്യക്തികളിൽ നിന്നും അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/13-01-22 ന് മറുപടി ലഭ്യമാക്കിയില്ല. അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II)നൂറനാട് ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായ ശ്രീമതി പത്മാക്ഷി, സുരേഷ്ഭവനം എന്ന വ്യക്തി 2017 ഏപ്രിൽ മാസം മുതൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ കൈപ്പറ്റുന്നുണ്ട്. എന്നാൽ പരാതി ലഭിച്ച പ്രകാരം ടിയാളുടെ കുടുംബവാർഷിക വരുമാനം വില്ലേജ് ഓഫീസർ പുനർനിർണ്ണയിക്കുകയും ,07/10/21 ൽ കൂടിയ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയ 2021 സെപ്റ്റംബർ മാസം മുതൽ ടിയാളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാനും ടിയാൻ കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കുന്നും തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ പെൻഷൻ രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാൾ സാമൂഹ്യപെൻഷൻ കൈപ്പറ്റി തുടങ്ങിയത് ഏപ്രിൽ 2017 മുതൽക്കാണ്. ടിയാൾ അന്നു മുതൽ അനധികൃതമായി കൈപ്പറ്റിയ തുക എത്രയെന്ന് വ്യക്തമാക്കാനും അന്നുമുതലുള്ള കൈപ്പറ്റിയ സാമൂഹ്യപെൻഷൻ തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ മേൽ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി പത്മാക്ഷി, സുരേഷ്ഭവനം എന്ന വ്യക്തിയുടെ പെൻഷൻ അപേക്ഷയിൽ ഒരു ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റാണ് ഹാജരാക്കിയതെന്നും 2021 വർഷം ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 2021 സെപ്റ്റംബർ മാസം മുതലുള്ള പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. ടിയാൾ പെൻഷൻ കൈപ്പറ്റി തുടങ്ങിയ ഏപ്രിൽ 2017 മുതൽ സെപ്റ്റംബർ 2021 വരെ അനധികൃതമായി കൈപ്പറ്റിയ 74100/-രൂപ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനർഹമായി പെൻഷൻ കൈപ്പറ്റിയ മേൽ പട്ടികയിലെ (I)നാലു പേരും തുക തിരികെ അടച്ചിട്ടില്ല എന്നും ടി വ്യക്തികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റിയ പെൻഷൻ തിരികെ അടയ്ക്കാത്തപക്ഷം റവന്യൂറിക്കവറികൾ നടത്തി അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി- കയർ ഭൂവസ്ത്രം വാങ്ങൽ - ജി എസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ തോട് പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം വിരിക്കൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഇതിനായുള്ള കയർ ഭൂവസ്ത്രം കേരള കയർ കോർപ്പറേഷനിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| നടപ്പാക്കിയ പ്രവർത്തി, എം ബുക്ക് നമ്പർ | കയർ ഭൂവസ്ത്രത്തിനായി ചെലവഴിച്ച തുക |
|---|---|
| കല്ലുമറ്റം പെരുമ്പാൽ തോട് നവീകരണം,462/21-22 | 165375 |
| കല്ലുമറ്റം വരട്ട് ചിറതോട് നവീകരണം,458/-21-22 | 165375 |
| കളീക്കൽ തോട് കുളം -പെരുവേലിച്ചാൽ തോട് ,461/21-22 | 194775 |
| തയ്യിൽ പാററ്റി തോട് ,460/21-22 | 165375 |
| ശ്രീവിഹാർ നടുവശ്ശേരി തോട് ഇടക്കുന്നം,459/21-22 | 183750 |
| ആകെ | 874650 |

2017 ലെ ജി എസ് റ്റി ആക്ട് സെക്ഷൻ 51 പ്രകാരം 2.50 ലക്ഷം രൂപയ്ക്ക് മുളിലുള്ള വാങ്ങലുകൾക്ക് 2% ജിഎസ് ടി സോഴ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. മേൽ പ്രവൃത്തികൾക്കായി ആകെ 874650 രൂപയുടെ കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. എന്നാൽ സോഴ്സിൽ നിന്ന് ജിഎസ് ടി ഇനത്തിലെ തുക കുറവ് ചെയ്തിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/16.1.2022) മറുപടി ലഭ്യമാക്കിയില്ല. കയർ ഭൂവസ്ത്രം വാങ്ങിയ ഇനത്തിൽ കേരള കയർ കോർപ്പറേഷനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന 17493 രൂപ ഈടാക്കി ജി.എസ്.ടി വകുപ്പിൽ അടയ്ക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 21/22 | 3258600 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 0 | 3258600 |
| ജില്ലാപഞ്ചായത്ത് | 21/22 | 9958000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 3845000 | 6113000 |
| ജില്ലാപഞ്ചായത്ത് | 21/22 | 100000 | പാലിന് സബ്സിഡി(ജനറൽ) | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 21/22 | 500000 | ആശ്രയ | 150000 | 350000 |
| ജില്ലാപഞ്ചായത്ത് | 21/22 | 2520000 | നെൽകൃഷിവികസനം (ജനറൽ) | 644090 | 1875910 |
| ജില്ലാപഞ്ചായത്ത് | 21/22 | 100000 | അംഗനവാടി അനുപൂരകപോഷകാഹാരം | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 21/22 | 600000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന | 282827 | 317173 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ജില്ലാപഞ്ചായത്ത് | 21/22 | 500000 | വാർഡ് VIII - കുളങ്ങര വീട്ടിൽ കുളം പുനരുദ്ധാരണം | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 3000000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1520000 | 1480000 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 5500000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 2138000 | 3362000 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 200000 | പാലിന് സബ്സിഡി(ജനറൽ) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 429152 | പാലിന് സബ്സിഡി(വനിത) | 429152 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 1400000 | നെൽകൃഷിവികസനം (ജനറൽ) | 700000 | 700000 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 500000 | നെൽകൃഷിവികസനം (എസ് സി ) | 461471 | 38529 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 300000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 600000 | അംഗനവാടി അനുപൂരകപോഷകാഹാരം (എസ് സി) | 565414 | 34586 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 | 0 | ലൈഫ് ഭവന നിർമ്മാണം SC (മൂന്നാം ഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്ക്മാറ്റിയവർക്കുള്ള പദ്ധതി) | 0 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | കാരിക്കോടകരയം മുട്ടം പാടശേഖരം- മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന്, 153/22 | 135016 | 135016 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 0 | 14222428 | 1364000 | | 12858428 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 17(1), (2) | 2003-2004 | 3 | അനാവശ്യമായി നൽകിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനം സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസി. ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ് ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103920061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101805833 |
| വരവിനങ്ങളിലുള്ള നഷ്ടം | 52120 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2032861 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 37516 | | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 2-2 | 14604 | | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 3-2 | | 74100 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| ആകെ | 52120 | 74100 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 999801 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 135016 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 1-26 | 26000 | ശ്രീമതി.ഇന്ദുലേഖ. ജി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 186639 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 1-28 | 95455 | ഡോ.ശ്രീജ.കെ.ഒ, മെഡിക്കൽ ഓഫീസർ |
| 1-29 | 589950 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| ആകെ | 2032861 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | |
|---|---|---|
| 3-1 | 2365 | ശ്രീ.ശ്രീജിത്ത് എ.എച്ച്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 17493 | ശ്രീമതി . ചിത്ര വി, എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശ്രീജിത്ത് എ.എച്ച്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | കോയിപ്പുറം ഗ്രാമ പഞ്ചായത്ത്, പുല്ലാട് പി.ഒ. | അമ്പോലിൽ ഹൗസ്, കൊഴുവല്ലൂർ പി.ഒ , ചെങ്ങന്നൂർ |
| ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി | സെക്രട്ടറി, നൂറനാട് | പല്ലവി, ചെട്ടികുളങ്ങര പി.ഒ , മാവേലിക്കര |
| ഡോ.ശ്രീജ.കെ.ഒ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,നൂറനാട് | വസന്ത വിലാസം, ചെന്നങ്കോട്ട്, ഒട്ടിയൂർ, വർക്കല |
| ശ്രീമതി ചിത്ര.വി,<br>എൻ.ആർ.ഇ.ജി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | എൻ.ആർ.ഇ.ജി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>നൂറനാട് | തറയിൽ മീനത്തേതിൽ, തത്തംമുന്ന, നൂറനാട് |
| ശ്രീമതി ഇന്ദുലേഖ. ജി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ICDSപ്രോജക്ട് ഓഫീസ്, പട്ടണക്കാട് | എരമാത്ത് ഹൗസ്, കളവംകോടം. പി. ഒ, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ജി.എ5/1832/11 |
| 2002-03 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.2015 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03.2016 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി-/55/2017/25.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി-6/1384 /2017/13.11.2017 |

| | |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./പി-6/1676/2018/ 05.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി-6/1169 തീ.20.05.20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി./പി-6/266 തീ.30.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി./പി-6/565 തീ.03.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്